# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

ജനുവരി 24

January 24

2020

1193 മകരം 10 വെള്ളി

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657

**താലൂക്ക് വികസന സമിതി യോഗം**

കോന്നി താലൂക്ക് വികസന സമിതി യോഗം ഫെബ്രുവരി ഒന്നിന് രാവിലെ 10.30ന് കോന്നി താലൂക്ക് ഓഫീസിൽ ചേരും. ബന്ധപ്പെട്ടവർ പങ്കെടുക്കണമെന്ന് തഹസീൽദാർ അറിയിച്ചു. (പിഎൻപി 427/2020)

**ദേശീയ സമ്മതിദായക ദിനാഘോഷം ഇന്ന്(25)**

ദേശീയ സമ്മതിദായക ദിനാഘോഷത്തിന്റെ ജില്ലാതല ഉദ്ഘാടനം ഇന്ന്(25) രാവിലെ 10ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാ കളക്ടർ പി.ബി. നൂഹ് നിർവഹിക്കും. ജില്ലാതല കത്തെഴുത്ത് മത്സരത്തിലെ വിജയികൾക്കുള്ള സമ്മാനദാനവും കളക്ടർ നിർവഹിക്കും.

അഡീഷണൽ ജില്ലാ മജിസ്ട്രേട്ട് അലക്സ് പി തോമസ് അധ്യക്ഷത വഹിക്കും. ഫോക്‌ലോർ അക്കാദമി ചെയർമാൻ സി.ജെ. കുട്ടപ്പൻ സമ്മതിദായക പ്രതിജ്ഞയും തിരിച്ചറിയൽ കാർഡ് വിതരണവും നിർവഹിക്കും. ഇലക്ഷൻ ഡെപ്യുട്ടി കളക്ടർ ബി. രാധാകൃഷ്ണൻ, എൽആർ ഡെപ്യുട്ടി കളക്ടർ എസ്. ശിവപ്രസാദ്, എൽഎ ഡെപ്യുട്ടി കളക്ടർ എസ്.എൽ. സജികുമാർ, കോഴഞ്ചേരി തഹസീൽദാർ ഓമനക്കുട്ടൻ തുടങ്ങിയവർ പ്രസംഗിക്കും.

ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ രൂപീകൃതമായ ജനുവരി 25 സമ്മതിദായകരുടെ ദേശീയ ദിനമായി ആഘോഷിച്ചു വരുകയാണ്. താലൂക്ക് കേന്ദ്രങ്ങളിലും എല്ലാ പോളിംഗ് സ്റ്റേഷനുകളിലും സുസ്ഥിര ജനാധിപത്യത്തിന് തിരഞ്ഞെടുപ്പ് സാക്ഷരത എന്ന ലക്ഷ്യം മുൻനിർ

ത്തി പ്രത്യേക പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടെന്ന് ഇലക്ഷൻ ഡെപ്യുട്ടി കളക്ടർ ബി. രാധാകൃഷ്ണൻ പറഞ്ഞു. (പിഎൻപി 428/2020)

**പ്രവാസി പരാതി പരിഹാര കമ്മിറ്റി:**
**11 പരാതികളിൽ തുടർനടപടി**

ജില്ലാതല പ്രവാസി പരാതി പരിഹാര കമ്മിറ്റിക്കു ലഭിച്ച 11 പരാതികളിൽ ബന്ധപ്പെട്ട വകുപ്പുകളിൽനിന്ന് റിപ്പോർട്ട് തേടി തുടർ നടപടി സ്വീകരിക്കാൻ തീരുമാനിച്ചു. അഡീഷണൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ് അലക്സ് പി. തോമസിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന യോഗം ക്രിമിനൽ പശ്ചാത്തലമുള്ള കേസുകൾ പോലീസിനും കെട്ടിടവുമായി ബന്ധപ്പെട്ട പരാതികൾ മുൻസിപ്പാലിറ്റി/ പഞ്ചായത്തിനും വസ്തു സംബന്ധമായ പരാതികൾ ആർഡിഒയ്ക്കും തുടർ നടപടിക്കായി നൽകി. വിദേശത്ത് ജോലിക്ക് പണം നൽകിയിട്ട് തൊഴിൽ ലഭിച്ചില്ല, വീട്ടുജോലിക്ക് വിദേശത്ത് പോയ സ്ത്രീയെക്കുറിച്ച് ഏഴുമാസമായി വിവരമില്ല തുടങ്ങിയ പരാതികൾ ബന്ധപ്പെട്ട വകുപ്പിന്റെ റിപ്പോർട്ടിനായി അയച്ചു.

പ്രവാസി പരാതി പരിഹാര കമ്മിറ്റിയുടെ പരിഗണനയ്ക്ക് പ്രധാനമായും വരുന്നത് ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ലഭിക്കുന്ന പരാതികളാണ്. ഈ പരാതികളാണ് ഓരോ മാസവും ചേരുന്ന പ്രവാസി പരാതി പരിഹാര കമ്മിറ്റി പരിഗണിച്ച് ബന്ധപ്പെട്ട വകുപ്പുകൾക്ക് തുടർനടപടിക്ക് അയയ്ക്കുന്നത്. പ്രവാസി പരാതി പരിഹാര കമ്മിറ്റി യോഗത്തിൽ പത്തനംതിട്ട പഞ്ചായത്ത് ഡെപ്യുട്ടി ഡയറക്ടർ എസ്. സൈമ, നോർക്കാ റൂട്ട്സ് പ്രതിനിധി എ.ബി. അനീഷ്, പ്രവാസി വെൽഫെയർ ബോർഡ് പ്രതിനിധി എച്ച്. അനു, ജില്ലാ പോലീസ് മേധാവിയുടെ പ്രതിനിധി സബ് ഇൻപെക്ടർ അജിത്ത് കുമാർ, കമ്മിറ്റി അംഗങ്ങളായ പീറ്റർ മാത്യു വല്യത്ത്, സജി ജോൺസൺ, സുധ രഞ്ജൻ എന്നിവർ പങ്കെടുത്തു. (പിഎൻപി 429/2020)

**ആർദ്രം ജനകീയ കാമ്പയിൻ;**
**ആരോഗ്യ ജാഗ്രത ഉദ്ഘാടനം 28 ന്**

ആർദ്രം ജനകീയ കാമ്പയിന്റെയും ആരോഗ്യ ജാഗ്രത 2020 ന്റെയും ജില്ലതല ഉദ്ഘാടനം 28 ന് രാവിലെ 10 ന് പത്തനംതിട്ട മുൻസിപ്പൽ ഓപ്പൺ സ്റ്റേജിൽ സംസ്ഥാന വനം വകുപ്പ് മന്ത്രി കെ. രാജു നിർവഹിക്കും. ഉദ്ഘാടനത്തോട് അനുബന്ധിച്ച് രാവിലെ 8.30 ന് എല്ലാ വകുപ്പുകളുടെയും പൊതു സമൂഹത്തിന്റെയും പങ്കാളിത്തത്തോടെ കൂട്ടനടത്തവും സംഘടിപ്പിച്ചിട്ടു ്.

ആരോഗ്യപരമായ ഭക്ഷണശീലം, വ്യായാമം, പരിസര ശുചിത്വവും മാലിന്യ നിർമാർജനവും, ലഹരിയിൽ നിന്ന് വിമുക്തി, രോഗപ്രതിരോധ – ആരോഗ്യ വർധക പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പരിപാടിയാണ് ആർദ്രം ജനകീയ കാമ്പയിൻ. എല്ലാ സർക്കാർ വകുപ്പുകളെയും പൊതു സമൂഹത്തെയും ഏകാപിപ്പിച്ച് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(പിഎൻപി 430/2020)

**തെളിവെടുപ്പ് യോഗം**

സംസ്ഥാനത്തെ പ്ലാസ്റ്റിക് വ്യവസായം, ടെലിഫിലിം ആൻഡ് മോഷൻ പിക്ചർ, എന്നീ മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള ഉപസമിതിയുടെ തെളിവെടുപ്പ് യോഗം ഫെബ്രുവരി അഞ്ചിന് രാവിലെ 10.30 ന് തിരുവനന്തപുരം ലേബർ കമ്മീഷണറേറ്റിലെ കോൺഫറൻസ് ഹാളിൽ നടക്കും. തെളിവെടുപ്പ് യോഗത്തിൽ പത്തനംതിട്ട ജില്ലയിൽ നിന്നുള്ള ഈ മേഖലയുമായി ബന്ധപ്പെട്ട്

പ്രവർത്തിക്കുന്ന തൊഴിലുടമ-തൊഴിലാളി പ്രതിനിധികൾ ഉൾപ്പെടെയുള്ളവർ പങ്കെടുക്കണം. (പിഎൻപി 431/2020)

**വയോജന – ഭിന്നശേഷിക്കാരായ 17064 ശബരിമല തീർഥാടകർക്ക് 'സുദർശനം" സാധ്യമാക്കി**

വയോജന ഭിന്നശേഷി സൗഹൃദ ശബരിമലയ്ക്കായി സാമൂഹ്യനീതി വകുപ്പ് ജില്ലാ ഭരണകൂടത്തിന്റെയും ദേവസ്വം ബോർഡിന്റെയും സഹകരണത്തോടെ നടപ്പാക്കിയ സുദർശനം പദ്ധതിയിലൂടെ 17064 തീർഥാടകർക്ക് വിവിധ സേവനങ്ങൾ നൽകി. പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി പമ്പയിൽ സജ്ജീകരിച്ച പ്രത്യേക വിശ്രമ കേന്ദ്രത്തിന്റെ സേവനം 2970 തീർഥാടകർക്ക് ലഭിച്ചു. വയോജനങ്ങളും ഭിന്നശേഷിക്കാരുമായ 12413 തീർഥാടകർക്ക് മലകയറുന്നതിന് സുദർശനം പദ്ധതി മുഖേന നിയോഗിച്ച സന്നദ്ധ പ്രവർത്തകരുടെ സഹായം ലഭിച്ചു. മലകയറുന്നതിന് ഇടയിൽ ആരോഗ്യ പ്രശ്നങ്ങൾ അനുഭവപ്പെട്ട 728 തീർഥാടകർക്ക് അടിയന്തിര വൈദ്യസഹായം ലഭ്യമാക്കാൻ സുദർശനം സന്നദ്ധപ്രവർത്തകർക്ക് കഴിഞ്ഞു.

ഭിന്നശേഷിക്കാരായ 915 തീർഥാടകർക്ക് സന്നിധാനത്ത് പ്രത്യേക പരിഗണന നൽകി ദർശനത്തിന് സഹായിച്ചു. ആരോഗ്യ പ്രശ്നങ്ങൾ മൂലം മലകയറാൻ ഡോളി സേവനം ആവശ്യമാണെന്ന് ഡോക്ടർമാർ ശുപാർശ ചെയ്ത വയോജന-ഭിന്നശേഷിക്കരായ 36 തീർഥാടകർക്ക് സബ്സിഡി നിരക്കിൽ ഡോളി സേവനം ലഭ്യമാക്കി. ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന പ്രായമായവരെയും ഭിന്നശേഷിക്കാരെയും സഹായിക്കുന്നതിന് പമ്പയിലും നിലയ്ക്കലും ദ്വിഭാഷികളുടെ സേവനവും 24 മണിക്കൂറും സുദർശനം ഹെൽപ് ഡസ്കിന്റെ സഹായവും ലഭ്യമാക്കിയിരുന്നു.

തിരക്കിനിടയിൽ കൂട്ടം തെറ്റിയ തമിഴ്നാട് സ്വദേശികളായ വൃദ്ധ മാതാക്കളെ സുദർശനം സന്നദ്ധപ്രവർത്തകർ ക ത്തി ബന്ധുക്കളുടെ അടുത്തെത്തിച്ചത് ശ്രദ്ധ നേടിയിരുന്നു. ജില്ലാ പ്രൊബേഷൻ ഓഫീസർ എ.ഒ അബീന്റെ നേതൃത്വത്തിൽ കോഴഞ്ചേരി സെന്റ് തോമസ് കോളജ്, കോന്നി സഹോദരൻ അയ്യപ്പൻ കോളജ് എന്നിവിടങ്ങളിലെ നാഷണൽ സർവീസ് സ്കീമിലെ വിദ്യാർഥികൾ ഉൾപ്പടെ 175 സന്നദ്ധപ്രവർത്തകർ 40 ദിവസക്കാലം സുദർശനം പദ്ധതിയിൽ സേവനം അനുഷ്ഠിച്ചു. വയോജനങ്ങളും ഭിന്നശേഷിക്കാരും എല്ലാ തലത്തിലും പ്രത്യേക ശ്രദ്ധയും സംരക്ഷണത്തിനും അർഹരാണെന്ന സന്ദേശം പൊതുസമൂഹത്തിന് നൽകുന്നതിന് സുദർശനം പദ്ധതി സഹായകരമായെന്ന് ജില്ലാ കളക്ടർ പി.ബി നൂഹ് പറഞ്ഞു. പദ്ധതി പ്രവർത്തനം കാര്യക്ഷമമായി നിർവഹിച്ച ജില്ലാ പ്രൊബേഷൻ ഓഫീസറെയും വിവിധ കോളജുകളിലെ നാഷണൽ സർവീസ് സ്കീമിലെ സന്നദ്ധ പ്രവർത്തകരെയും ജില്ലാ കളക്ടർ അഭിനന്ദനം അറിയിച്ചു. പദ്ധതി പ്രവർത്തനത്തിൽ പങ്കെടുത്ത എല്ലാ സന്നദ്ധ പ്രവർത്തകർക്കും ജില്ലാ ഭരണകൂടം സാമൂഹ്യസേവന സർട്ടിഫിക്കറ്റ് നൽകും. ദേവസ്വം ബോർഡ്, ആരോഗ്യവകുപ്പ്, വനം വകുപ്പ്, പോലീസ് തുടങ്ങിയ വകുപ്പുകളുടെ പിന്തുണയോടു കൂടിയാണ് പദ്ധതി നടപ്പാക്കിയത്. (പിഎൻപി 432/2020)

**ക്വട്ടേഷൻ**

പത്തനംതിട്ട ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള കുളനട പിൽഗ്രിം അമിനിറ്റി സെന്റർ ര ു വർഷത്തേക്ക് ഏറ്റെടുത്തു നടത്തുന്നതിന് താൽപ്പര്യമുള്ള വ്യക്തികളിൽ നിന്നോ, സ്ഥാപനങ്ങളിൽ നിന്നോ മുദ്രവെച്ച കവറിൽ ക്വട്ടേഷൻ ക്ഷണിച്ചു. പൂരിപ്പിച്ച ക്വട്ടേഷനുകളും ഷെഡ്യൂളും സമർപ്പിക്കേ അവസാന

തീയതി ഫെബ്രുവരി അഞ്ചിന് ഉച്ചകഴിഞ്ഞ് ര ു വരെ. ഫോൺ : 9447709944, 04682 311343. (പിഎൻപി 433/2020)

**ഗ്രാമസഭാ യോഗങ്ങൾ ഇന്നു (25) മുതൽ**

വള്ളിക്കോട് ഗ്രാമപഞ്ചായത്തിലെ 2020-21 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭാ യോഗങ്ങൾ ഇന്നു(25) മുതൽ ഫെബ്രുവരി ര ുവരെ നടക്കും. ഗ്രാമസഭയിൽ കെട്ടിട നികുതി ഒടുക്കുന്നതിനുള്ള സൗകര്യം ഉ ായിരിക്കും. കൂടുതൽ വിവരത്തിന് 0468 2350229 എന്ന നമ്പരിൽ വിളിക്കുക. (പിഎൻപി 434/2020)

**നൂറു ശതമാനം ഫലപ്രദമായ പദ്ധതി വിനിയോഗം ഉറപ്പാക്കണം: ജില്ലാ ആസൂത്രണ സമിതിയോഗം**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിർവഹണ ഉദ്യോഗസ്ഥർ 2019-20ലെ പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കി നൂറ് ശതമാനം പദ്ധതി വിനിയോഗം ഉറപ്പാക്കണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി നിർദേശിച്ചു. ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ചേർന്ന ജില്ലാ ആസൂത്രണസമിതി യോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്ന കരാറുകാരുടേയും ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥരുടേയും യോഗം ഫെബ്രുവരി ആദ്യവാരത്തോടെ വിളിച്ചു ചേർക്കണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർദേശിച്ചു.

ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് ജില്ലാതല ശിൽപശാല നടത്താനും തീരുമാനമായി. പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്, ഏനാദിമംഗലം, കടമ്പനാട്, കോട്ടാങ്ങൽ, സീതത്തോട് എന്നീ ഗ്രാമപഞ്ചായത്തുകളുടെയും പത്തനംതിട്ട, തിരുവല്ല നഗരസഭകളുടെയും പദ്ധതി ഭേദഗതിക്ക് യോഗം അംഗീകാരം നൽകി.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ് മാമൻ കൊ ൂർ, വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷ എലിസബത്ത് അബു, ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷ ലീലാ മോഹൻ, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ ബി.സതികുമാരി, അഡ്വ.ആർ.ബി. രാജീവ് കുമാർ, സാം ഈപ്പൻ, വിനീതാ അനിൽ, ബിനിലാൽ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് മോഹൻരാജ് ജേക്കബ്, ഇലന്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജെറി മാത്യു സാം, ജില്ലാ പ്ലാനിംഗ് ഓഫീസർ വി.ജഗൽ കുമാർ, ഡെപ്യൂട്ടി ജില്ലാ പ്ലാനിംഗ് ഓഫീസർ വി.ആർ മുരളീധരൻ നായർ, തദ്ദേശ ഭരണസ്ഥാപന അധ്യക്ഷൻമാർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. (പിഎൻപി 435/2020)

**കാൻസർ രോഗനിർണയ ക്യാമ്പ്: 56 പേരെ വിദഗ്ധ പരിശോധനയ്ക്ക് അയച്ചു**

കൊടുമൺ ഗ്രാമപഞ്ചായത്തിലെ ചന്ദനപള്ളി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ കാൻസർ രോഗനിർണയ ക്യാമ്പും ബോധവൽക്കരണ ക്ലാസും നടത്തി. പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീനാ പ്രഭ ഉദ്ഘാടനം ചെയ്തു. പറക്കോട് ബ്ലോക്ക് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ അഡ്വ. ടി. പ്രകാശ് അധ്യക്ഷത വഹിച്ചു. കോഴഞ്ചേരി കാൻസർ സൊസൈറ്റിയിലെ ഡോ. ശശിധരൻപിള്ളയുടെ നേതൃത്വത്തിലുള്ള ആറ് അംഗ മെഡിക്കൽ ടീമാണ് പരിശോധന നടത്തിയത്.

പരിശീലനം ലഭിച്ച ആശ വർക്കർമാരുടെയും കുടുംബശ്രീ പ്രവർത്തകരുടെയും നേതൃത്വത്തിൽ കൊടുമൺ പഞ്ചായത്തിലെ ഭവനങ്ങൾ സന്ദർശിച്ച് നടത്തിയ പ്രാഥമിക പരിശോധനയ്ക്കു ശേഷമാണ് 162 പേരെ പങ്കെടുപ്പിച്ച് ക്യാമ്പ് നടത്തിയത്. ഗർഭാശയവുമായി

ബന്ധപ്പെട്ട് ക്യാൻസർ ലക്ഷണം ഉള്ളതിനാൽ 54 സ്ത്രീകളെ വിദഗ്ധ പരിശോധനയ്ക്ക് അയച്ചു. ക്യാമ്പിൽ പങ്കെടുത്ത ര ു പേർക്ക് കാൻസറിന്റെ ലക്ഷണമുള്ള മുഴകൾ ഉള്ളതിനാൽ ഇവരെ വിദഗ്ധ പരിശോധനക്ക് അയച്ചു.

പറക്കോട് ബ്ലോക്കിലെ ഏഴു പഞ്ചായത്തിലും കാൻസർ രോഗനിർണയ ക്യാമ്പും ബോധവൽക്കരണ ക്ലാസും ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 പ്ലാൻ ഫ ിൽനിന്ന് ആറു ലക്ഷം രൂപ വിനിയോഗിച്ചാണ് നടത്തി വരുന്നത്. കാൻസർ രോഗം തുടക്കത്തിലെ ക ത്തി തുടർചികിൽസ ഉറപ്പുവരുത്തുന്നതിനാണ് പറക്കോട് ബ്ലോക്കിലെ ഏഴ് പഞ്ചായത്തുകളിലും കാൻസർ രോഗനിർണയ ക്യാമ്പ് സംഘടിപ്പിക്കുന്നതെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീനാ പ്രഭ പറഞ്ഞു. കൊടുമൺ ഗ്രാമപഞ്ചായത്ത് അംഗങ്ങളായ എ.ജി ശ്രീകുമാർ, ഐക്കര ഉണ്ണികൃഷ്ണൻ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

(പിഎൻപി 436/2020)

**പ്രകൃതിയിലേക്ക് മടങ്ങണമെങ്കിൽ പഴമയിലേക്ക് മടങ്ങണം: ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്**

പ്രകൃതിയിലേക്ക് മടങ്ങണമെങ്കിൽ പഴമയിലേക്ക് മടങ്ങണമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി പറഞ്ഞു. കുടുംബശ്രീ പത്തനംതിട്ട ജില്ലാമിഷന്റെ ആഭിമുഖ്യത്തിൽ ടൗൺഹാളിൽ നടത്തിയ പ്രകൃതി സൗഹൃദ ഉത്പന്ന പ്രദർശനവും വിപണനവും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്.

നഗരത്തിലെ വ്യാപാര സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കും ഗുണനിലവാരമുള്ള പ്രകൃതി സൗഹൃദ കുടുംബശ്രീ ഉത്പന്നങ്ങൾ ലഭ്യമാക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. പ്ലാസ്റ്റിക് പ്രകൃതിയുമായി അലിഞ്ഞു ചേരില്ലെന്ന് മനസിലാക്കിയ നാൾ മുതൽ പ്രകൃതി സൗഹൃദ ഉത്പന്നങ്ങൾ ജനങ്ങളിലേക്ക് എത്തിക്കണമെന്ന് തീരുമാനിച്ചിരുന്നു. പ്രകൃതി മലീമസമല്ലാത്ത രീതിയിൽ ഉപയോഗിച്ച പലതും ഇന്നില്ലാതായി. പ്രകൃതിക്കും ശരീരത്തിനും പ്ലാസ്റ്റിക് ഉപയോഗം ഗുണം ചെയ്യില്ലെന്ന് അറിഞ്ഞിട്ടും അവയെ ജീവിതത്തിന്റെ ഭാഗമാക്കിയവരാണ് നാം. ഇതു കണക്കിലെടുത്താണ് സംസ്ഥാന സർക്കാർ പൂർണമായും പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തിയത്. ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ പ്രകൃതി സൗഹൃദമായി വിവാഹങ്ങൾ നടത്തിയത് മാതൃകാപരമാണ്. കുടുംബശ്രീ പ്രവർത്തകരുടെ ഒരു വരുമാന മാർഗമാണ് പ്രകൃതി സൗഹൃദ ഉത്പന്ന പ്രദർശനവും വിപണനവും. പ്ലാസ്റ്റിക്കിനെ ഒഴിവാക്കി പ്രകൃതിയെ സ്നേഹിക്കാൻ തുടങ്ങിയാൽ പ്രളയം പോലുള്ള വിപത്തിനെ തടയാം. കുടുംബശ്രീ യൂണിറ്റുകളിൽ ഉത്പന്നങ്ങളു ാക്കി മികച്ച രീതിയിൽ വിപണനം നടത്താൻ സാധിക്കട്ടെയെന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു. വ്യാപാരി വ്യവസായി സമിതി പ്രസിഡന്റ് ശശി ഐസക്കിന് തുണിസഞ്ചി നൽകി ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം നിർവഹിച്ചു.

പത്തനംതിട്ട നഗരസഭാ കൗൺസിലർ പി.കെ. ജേക്കബ് അധ്യക്ഷത വഹിച്ചു. കുടുംബശ്രീ ജില്ലാമിഷൻ കോ- ഓർഡിനേറ്റർ കെ. വിധു, നാരങ്ങാനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കടമ്മനിട്ട കരുണാകരൻ, കുടുംബശ്രീ മുനിസിപ്പൽ സിഡിഎസ് ചെയർപേഴ്സൺ മോനി വർഗീസ്, എ.ഡി.എംസിമാരായ എ. മണികണ്ഠൻ, കെ.എച്ച്. സലീന, ഹോട്ടൽ ആൻഡ് റസ്റ്റോറന്റ് അസോസിയേഷൻ പ്രസിഡന്റ് കെ.കെ. നവാസ്, ജില്ലാ പ്രോഗ്രാം മാനേജർ എലിസബത്ത് ജി. കൊച്ചിൽ എന്നിവർ പങ്കെടുത്തു. (പിഎൻപി 437/2020)

**ഫോട്ടോ അടിക്കുറിപ്പ്**

1) കൊടുമൺ ഗ്രാമപഞ്ചായത്തിലെ ചന്ദനപള്ളി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നടത്തിയ കാൻസർ രോഗനിർണയ ക്യാമ്പും ബോധവൽക്കരണ ക്ലാസും പറക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബീനാ പ്രഭ ഉദ്ഘാടനം ചെയ്യുന്നു.

2) കുടുംബശ്രീ പത്തനംതിട്ട ജില്ലാമിഷന്റെ ആഭിമുഖ്യത്തിൽ ടൗൺഹാളിൽ നടത്തിയ പ്രകൃതി സൗഹൃദ ഉത്പന്ന പ്രദർശനവും വിപണനവും ഉദ്ഘാടനം ചെയ്ത് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി പ്രസംഗിക്കുന്നു.

3) കുടുംബശ്രീ പത്തനംതിട്ട ജില്ലാമിഷന്റെ ആഭിമുഖ്യത്തിൽ ടൗൺഹാളിൽ നടത്തിയ പ്രകൃതി സൗഹൃദ ഉത്പന്ന പ്രദർശനവും വിപണനവും  വ്യാപാരി വ്യവസായി സമിതി പ്രസിഡന്റ് ശശി ഐസക്കിന് തുണിസഞ്ചി നൽകി ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അന്നപൂർ ണാദേവി ഉദ്ഘാടനം ചെയ്യുന്നു.

4) കുടുംബശ്രീ പത്തനംതിട്ട ജില്ലാമിഷന്റെ ആഭിമുഖ്യത്തിൽ ടൗൺഹാളിൽ നടത്തിയ പ്രകൃതി സൗഹൃദ ഉത്പന്ന പ്രദർശന മേളയിൽ നിന്ന്.




.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

ജനുവരി 24

January 24

2020

1193 മകരം 10 വെള്ളി

# പത്രക്കുറിപ്പ് -2



www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657


**കളർഫുള്ളായി കുടുംബശ്രീ**

പത്തനംതിട്ട ടൗൺഹാളിൽ നടത്തിയ കുടുംബശ്രീയുടെ പ്രകൃതി സൗഹൃദ ഉത്പന്ന പ്രദർശനവും വിപണനവും ശ്രദ്ധേയമായി. നഗരത്തിലെ വ്യാപാര സ്ഥാപനങ്ങൾക്കും പൊതുജനങ്ങൾക്കും ഗുണനിലവാരമുള്ള പ്രകൃതി സൗഹൃദ കുടുംബശ്രീ ഉത്പന്നങ്ങൾ ലഭ്യമാക്കുകയായിരുന്നു പരിപാടിയുടെ ലക്ഷ്യം. ചിരട്ടഗ്ലാസ്, ചിരട്ടത്തവി, സ്പൂൺ, തെങ്ങിൻ തടിയിൽ നിർമിച്ച ചട്ടുകം, പപ്പടംകുത്തി, തടി കൊ ു നിർമിച്ച വാൽക്കണ്ണാടി, പാളപ്പാത്രം, ചെറിയ സഞ്ചികൾ, മുളകൊ ് നിർമിച്ച ഫ്ളവർ വെയ്സ്, മുളയിൽ നിർമിച്ച കീച്ചെയിനുകൾ, പേപ്പർപേന, രാമച്ചം, വിവിധ തരത്തിലുള്ള ഫോട്ടോ ഫ്രെയിമുകൾ, വിവിധ നിറത്തിലും വലുപ്പത്തിലുള്ള തുണി സഞ്ചികൾ, ബാഗുകൾ, ചേളാവ് തുടങ്ങിയവ വിവിധ സ്റ്റാളുകളിലായി ഒരുക്കി. 32 യൂണിറ്റിൽ നിന്നും 41 കുടുംബശ്രീ തൊഴിലാളികളുടെ സ്റ്റാളുകളായിരുന്നു ടൗൺഹാളിൽ അണിനിരന്നത്. (പിഎൻപി 438/2020)

**ആശയ്ക്ക് ആശ്വാസമായി കുടുംബശ്രീ**

ഓമല്ലൂർ കുടുംബശ്രീ യൂണിറ്റിനെ പ്രതിനിധീകരിച്ചെത്തിയതാണ് കുഴിക്കാൽ പടിഞ്ഞാറ്റേതിൽ കെ.എ. ആശയും അമ്മ കെ.പി. ശ്യാമളയും. സെറിബ്രൽപാൾസി എന്ന രോഗം ബാധിച്ച ആശയ്ക്ക് നടക്കാനുള്ള ശേഷി കുറവാണ്. ആശാ പ്രവർത്തകയായ ശ്യാമളയോടൊപ്പമാണ് ആശ സ്റ്റാളുകളിൽ പോകുന്നത്. പ്ലസ്ടുവിനു ശേഷം കംപ്യൂട്ടർ ഡിടിപി പഠിച്ച ആശ എസ്.ബി.ഐയുടെ ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തിലൂടെയാണ് പ്രകൃതി സൗഹൃദ ഉത്പന്നങ്ങൾ നിർമിക്കാൻ പഠിച്ചത്. സ്വയംതൊഴിലെന്ന

നിലയിൽ വീട്ടിലിരുന്ന് ആശ തന്റെ കഴിവുകളിലൂടെ പ്രകൃതി സൗഹൃദ ഉത്പന്നങ്ങൾ നിർമിക്കും. ഒപ്പം ഡി.ടി.പിയും ചെയ്യുന്നു ്. വിവിധ വർണങ്ങളിലുള്ള ചാർട്ട് പേപ്പർ കൊ ് നിർമിച്ച പേപ്പർ പേനകൾ, മെഴുകുതിരി, കുട, സോപ്പ്, പേപ്പർ ബാഗുകൾ തുടങ്ങിയവയാണ് ആശയുടെ മാസ്റ്റർപീസുകൾ. (പിഎൻപി 439/2020)

**പട്ടികജാതി പ്രൊമോട്ടർ നിയമനം**

പട്ടികജാതി വികസന വകുപ്പിൽ പത്തനംതിട്ട ജില്ലയിൽ ഫീൽഡ് തല പ്രവർത്തനങ്ങൾ ചെയ്യുന്നതിനായി പഞ്ചായത്ത്, മുനിസിപ്പൽ തലങ്ങളിൽ പ്രമോട്ടറായി നിയമിക്കപ്പെടുന്നതിന് അർഹരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ഏപ്രിൽ ഒന്നു മുതൽ കരാർ അടിസ്ഥാനത്തിലായിരിക്കും നിയമനം.

നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള യോഗ്യതകൾ: കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത പ്ലസ്ടു അല്ലങ്കിൽ തത്തുല്യ യോഗ്യത (കൂടുതൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് മുൻഗണന നൽകും). പ്രായപരിധി 18 –40 വയസ് വരെ (01.01.2020 ൽ 40 വയസിൽ താഴെ പ്രായമുള്ളവർക്ക് ). പത്തു ശതമാനം പേരെ പട്ടികജാതി മേഖലയിൽ പ്രവർത്തിക്കുന്ന സാമൂഹ്യ പ്രവർത്തകരിൽ നിന്നും നിയമിക്കും. ഇവരുടെ വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി.യും പ്രായപരിധി 50 വയസും ആയിരിക്കും. ഈ വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർ മൂന്നു വർഷത്തിൽ കുറയാതെ സാമൂഹ്യ പ്രവർത്തനം നടത്തുന്നവരാണെന്ന റവന്യൂ അധികാരികളുടെ സാക്ഷ്യപത്രവും, വിദ്യാഭ്യാസ യോഗ്യത, വയസ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് /ടി.സി. പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കണം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ യോഗ്യരായ അപേക്ഷകരില്ലെങ്കിൽ സമീപ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിലെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുന്നവരെ പരിഗണിക്കും. പ്രമോട്ടർമാരായി നിയോഗിക്കപ്പെടുന്നവർക്ക് സ്ഥിര നിയമനത്തിന് അർഹതയു ാതിരിക്കുന്നതല്ല. മുമ്പ് പ്രമോട്ടർമാരായി പ്രവർത്തിക്കുകയും അച്ചടക്ക നടപടിയുടെ ഭാഗമായി പിരിച്ചുവിടുകയും ചെയ്തവരുടെ അപേക്ഷകൾ വീ ും പരിഗണിക്കില്ല. താത്പര്യമുള്ളവർ നിശ്ചിത മാതൃകയിലുള്ള അപേക്ഷ, ജാതി, വിദ്യാഭ്യാസ യോഗ്യത, പ്രായം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ, സാമൂഹ്യ പ്രവർത്തന പരിചയം സംബന്ധിച്ച് റവന്യൂ അധികാരികൾ നൽകുന്ന സാക്ഷ്യപത്രം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയിൽ നിന്നുള്ള റസിഡന്റ്സ് സർട്ടിഫിക്കറ്റ്, പാസ്പോർട്ട്സൈസ് ഫോട്ടോ എന്നിവ സഹിതം ഫെബ്രുവരി ഏഴിന് മുമ്പായി പത്തനംതിട്ട മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ പട്ടികജാതി വികസന ഓഫീസിൽ നൽകണം. ഫോൺ നമ്പർ– 04682322712. (പിഎൻപി 440/2020)

**പരാതി പരിഹാര അദാലത്ത് 15 ന്**

ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ അടൂർ താലൂക്ക്തല പരാതി പരിഹാര അദാലത്ത് ഫെബ്രുവരി 15 ന് അടൂർ റവന്യൂ ടവർ കോൺഫറൻസ് ഹാളിൽ നടക്കും. രാവിലെ 9.30 ന് അദാലത്ത് ആരംഭിക്കും. മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും ഓഫീസിൽ നിന്നും സർക്കാരിൽ നിന്നും തുടർ നടപടികൾക്കായി ജില്ലാ കളക്ടർക്കും മറ്റ് ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥർക്കും കൈമാറിയിട്ടുള്ള പരാതികളും, പുതിയ പരാതികളും അദാലത്തിൽ പരിഗണിക്കും. പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് അഞ്ചു വരെ അടൂർ താലൂക്ക് ഓഫീസിലും താലൂക്കിന്റെ പരിധിയിലുള്ള വില്ലേജ് ഓഫീസുകളിലും അപേക്ഷ സ്വീകരിക്കും. കൂടാതെ pgrcellpta1@gmail.com എന്ന ഈ–മെയിലിലേക്കും 8086816976 എന്ന വാട്സ് ആപ്പ് നമ്പരിലേക്കും പരാതികൾ നൽകാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയായ ജനുവരി 31 വരെ ലഭിക്കുന്ന

അപേക്ഷകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിലെ ജില്ലാതല ഓഫീസർമാർ തീരുമാനമെടുക്കുകയും നടപടി വിവരം അദാലത്തിൽ അറിയിക്കുകയും ചെയ്യും.

അദാലത്ത് ദിവസം പൊതുജനങ്ങൾക്ക് പുതിയ അപേക്ഷകൾ നൽകാമെന്നും ജില്ലാ കളക്ടർ പി.ബി നൂഹ് അറിയിച്ചു. (പിഎൻപി 441/2020)

**ജില്ലാതല വോളിബോൾ മത്സരം: കോന്നി ബ്ലോക്ക് വിജയികളായി**

ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആർദ്രം ജനകീയ കാമ്പയിന്റെ ഭാഗമായി പ്രക്കാനം പബ്ലിക് സ്റ്റേഡിയത്തിൽ നടന്ന വോളിബോൾ മത്സരത്തിൽ കോന്നി ബ്ലോക്ക് വിജയികളായി. ഇലന്തൂർ ബ്ലോക്ക് റണ്ണർ അപ്പുകളായി. ജില്ലയിലെ എട്ട് ബ്ലോക്കുകളെ പ്രതിനിധീകരിച്ച് എട്ട് ടീമുകൾ 22,23 തീയതികളിലായി നടന്ന മത്സരത്തിൽ പങ്കെടുത്തു.

ജില്ലാ സ്പോർട്സ് കൗൺസിലിന്റെ സഹകരണത്തോടെയാണ് ആരോഗ്യവകുപ്പ് വോളിബോൾ മത്സരങ്ങൾ സംഘടിപ്പിച്ചത്. ശാരീരികവും മാനസികവുമായ ആരോഗ്യം നേടിയെടുക്കുന്നതിൽ കളികൾക്കും വ്യായാമങ്ങൾക്കും വലിയ പങ്കു ന്ന് ഡി.എം.ഒ ഡോ. എ.എൽ ഷീജ പറഞ്ഞു. ഒന്നും ര ും സ്ഥാനം നേടിയ ടീമുകൾക്ക് 28 ന് രാവിലെ 10 ന് പത്തനംതിട്ട മുനിസിപ്പൽ ബസ് സ്റ്റാൻഡിനോട് ചേർന്നുള്ള ഓപ്പൺ സ്റ്റേജിൽ നടക്കുന്ന ആർദ്രം ജനകീയ കാമ്പയിന്റെ ജില്ലാതല ഉദ്ഘാടന ചടങ്ങിൽ ക്യാഷ് പ്രൈസുകൾ നൽകും. (പിഎൻപി 442/2020)

**ദേശീയ ബാലികാദിനാചരണം :**
**സിഗ്നേച്ചർ കാമ്പയിനും സൈക്കിൾ റാലിയും**

വനിതാ ശിശു വികസന വകുപ്പ് ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെയും തിരുവല്ല റെയിൽവേ സ്റ്റേഷന്റെയും കിടങ്ങന്നൂർ എസ്.വി.ജി.വി.എച്ച്.എസ്.എസിന്റെയും സഹകരണത്തോടെ ദേശീയ ബാലികാ ദിനാചരണത്തോട് അനുബന്ധിച്ച് സിഗ്നേച്ചർ കാമ്പയിനും സൈക്കിൾ റാലിയും ക്വിസ് മത്സരവും സംഘടിപ്പിച്ചു. പെൺകുട്ടികളുടെ അവകാശങ്ങൾക്കും സ്വപ്നങ്ങൾക്കും കരുത്ത് പകരുന്നതിനും, അവകാശങ്ങൾ സംരക്ഷിക്കുന്നതിനും, അവർ നേരിടുന്ന ലിംഗ വിവേചനത്തിനും പെൺ ശിശുഹത്യ മുതൽ ലൈംഗിക ചൂഷണം വരെയുള്ള പ്രതിസന്ധികളെ പ്രതിരോധിക്കാനുമുള്ള ആഹ്വാനമാണ് ബാലികാ ദിനം മുന്നോട്ട് വയ്ക്കുന്നത്.

തിരുവല്ലാ റെയിൽവേ സ്റ്റേഷനിൽ സംഘടിപ്പിച്ച സിഗ്നേച്ചർ കാമ്പയിൻ അഡ്വ. മാത്യൂ റ്റി തോമസ് എംഎൽഎ ഉദ്ഘാടനം ചെയ്തു. റെയിൽവേ സ്റ്റേഷൻ മാനേജർ പി.കെ ഷാജി അധ്യക്ഷത വഹിച്ചു. ജില്ല ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് പ്രവർത്തകരായ ബിനി ജിതിൻ, നിഷാ മാത്യൂ, പി എസ് സ്മിത, എം ആർ രഞ്ജിത്ത് എന്നിവർ പങ്കെടുത്തു.

ആറന്മുള ഐക്കര ജംഗ്ഷനിൽ നിന്നും കിടങ്ങന്നൂർ എസ്.വി.ജി.വി.എച്ച്.എസ്.എസ് വരെ സ്കൗട്ട് ആൻഡ് ഗൈഡ്സ്, റെഡ്ക്രോസ്, എൻ.എസ്.എസ് യൂണിറ്റുകളിലെ പെൺകുട്ടികളുടെ നേതൃത്വത്തിൽ ബോധവത്ക്കരണ സൈക്കിൾ റാലി സംഘടിപ്പിച്ചു. സ്കൂൾ അങ്കണത്തിൽ ബാലികാദിന സന്ദേശവും ബോധവത്ക്കരണ ക്വിസ് മത്സരവും പാംലെറ്റ് വിതരണവും സംഘടിപ്പിച്ചു. ചൈൽഡ് വെൽഫയർ കമ്മിറ്റി ചെയർമാൻ അഡ്വ. റ്റി സക്കീർ ഹുസൈൻ ഉദ്ഘാടനം നിർവഹിച്ച യോഗത്തിൽ സ്കൂൾ പ്രിൻസിപ്പൽ സി.ആർ പ്രീത അധ്യക്ഷത വഹിച്ചു. ആറന്മുള എസ്.ഐ വേണു, സ്കൂൾ എച്ച്.എം പി.ആർ ശ്യാമളാമ്മ, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിലെ ഷാൻ രമേശ് ഗോപൻ, അഡ്വ.കെ.അജിത, നീതു പ്രസാദ്, പി.ആർ.സ്മിത എന്നിവർ പങ്കെടുത്തു. (പിഎൻപി 443/2020)

**വൈദ്യുതി അദാലത്ത് ഫെബ്രുവരി 17 ലേക്ക് മാറ്റി**

നിയമസഭാ സമ്മേളനം ചേരുന്നതിനാൽ ഈമാസം 29ന് പത്തനംതിട്ട മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് ഓഡിറ്റോറിയത്തിൽ നടത്താനിരുന്ന വൈദ്യുതി വകുപ്പ് മന്ത്രി എം.എം. മണി പങ്കെടുക്കുന്ന അദാലത്ത് ഫെബ്രുവരി 17ലേക്ക് മാറ്റി. അദാലത്തിലേക്കുള്ള പരാതികൾ ഫെബ്രുവരി ഏഴിന് വൈകിട്ട് അഞ്ചുവരെ വൈദ്യുതി കാര്യാലയങ്ങളിൽ സ്വീകരിക്കും.

(പിഎൻപി 444/2020)

**ധനസഹായം**

ജില്ലാതല യുവജനോത്സവത്തിൽ കഥകളി, ഓട്ടൻതുള്ളൽ, ഭരതനാട്യം, കുച്ചിപ്പുടി, മോഹനിയാട്ടം, നാടോടിനൃത്തം എന്നീ ഇനങ്ങളിൽ മത്സരിക്കാൻ യോഗ്യത നേടിയ കുടുംബ വാർഷിക വരുമാനം 75,000 രൂപയിൽ താഴെ വരുന്ന കുട്ടികൾക്ക് 10,000 രൂപ വീതം ധന സഹായം നൽകും. കൂടുതൽ വിവരത്തിന് അതത് സ്കൂൾ പ്രഥമ അധ്യാപകരുമായി ബന്ധപ്പെടണമെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചു. (പിഎൻപി 445/2020)

**ഫോട്ടോ അടിക്കുറിപ്പ്**

5) കുടുംബശ്രീ പത്തനംതിട്ട ജില്ലാമിഷന്റെ ആഭിമുഖ്യത്തിൽ ടൗൺഹാളിൽ നടത്തിയ പ്രകൃതി സൗഹൃദ ഉത്പന്ന പ്രദർശന മേളയിൽ പങ്കെടുക്കുന്ന ആശ.

6)വനിതാ ശിശു വികസന വകുപ്പ് ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെയും തിരുവല്ല റെയിൽവേ സ്റ്റേഷന്റെയും കിടങ്ങന്നൂർ എസ്.വി.ജി.വി.എച്ച്.എസ്.എസിന്റെയും സഹകരണത്തോടെ ദേശീയ ബാലികാ ദിനാചരണത്തോട് അനുബന്ധിച്ച് സംഘടിപ്പിച്ച സൈക്കിൾ റാലി.

7) വനിതാ ശിശു വികസന വകുപ്പ് ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെയും തിരുവല്ല റെയിൽവേ സ്റ്റേഷന്റെയും കിടങ്ങന്നൂർ എസ്.വി.ജി.വി.എച്ച്.എസ്.എസിന്റെയും സഹകരണത്തോടെ ദേശീയ ബാലികാ ദിനാചരണത്തോട് അനുബന്ധിച്ച് തിരുവല്ലാ റെയിൽവേ സ്റ്റേഷനിൽ സംഘടിപ്പിച്ച സിഗ്നേച്ചർ കാമ്പയിൻ അഡ്വ. മാത്യു റ്റി തോമസ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.

8) ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആർദ്രം ജനകീയ കാമ്പയിന്റെ ഭാഗമായി പ്രക്കാനം പബ്ലിക് സ്റ്റേഡിയത്തിൽ നടത്തിയ വോളിബോൾ മത്സരം.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

.